**Talented Bankers Literary Panel - പുസ്തകപരിചയം 64**

പരിചയപ്പെടുത്തുന്നത്
ഉണ്ണികൃഷ്ണൻ ഐ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
പാനൂർ ശാഖ.

**കല്യാണിയെന്നും ദാക്ഷായാണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത**
**(നോവൽ 2019)**
**ആർ രാജശ്രീ.**

കുറച്ചുദിവസം കല്യാണിയോടും ദാക്ഷായണിയോടും ഒപ്പമായിരുന്നു. ആർ രാജശ്രീയുടെ രചനയിൽ വിരിഞ്ഞ രണ്ടു പേരുടെ - കല്യാണിയും ദാക്ഷായണിയും- കൂടെ.
ഞാൻ ജോലിചെയ്യുന്ന കണ്ണൂർ ജില്ലയിലെ ഒരു കുഗ്രാമത്തിൽ ഏതാണ്ട് അൻപതോളം വർഷം മുമ്പ് ജീവിച്ച കല്യാണിയും ദാക്ഷായണിയും അവരുമായി ബന്ധപ്പെട്ടു ജീവിച്ച മറ്റനേകം സ്ത്രീകളുടെയും പുരുഷന്മാരുടെയും കഥയാണ് ആർ രാജശ്രീ രചിച്ച "കല്യാണിയെന്നും ദക്ഷായാണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത".

നോവലിൽ ഉപയോഗിച്ച ഭാഷയും തുറന്നു പറച്ചിലുകളും മലയാളത്തിൽ എന്റെ ആദ്യ വായനാനുഭവമായിരുന്നു. ഫേസ്ബുക്കിൽ കുറിപ്പായി തുടങ്ങിയതാണ് ഈ കഥ എന്നതും പുതുമയുള്ള കാര്യമാണ്. സ്ഥിരമായി വന്നിരുന്ന ഫേസ്ബുക്ക് കുറിപ്പുകൾ ആരാധകരുടെ വൻ പ്രതികരണത്തെ തുടർന്ന് നോവലായി പ്രസിദ്ധീകരിക്കുകയായിരുന്നു. ഇപ്പോൾ 40 ദിവസം പിന്നിട്ടപ്പോൾ 4 പതിപ്പുകൾ പുറത്തിറങ്ങി.

ഇതൊരു സ്ത്രീപക്ഷ രചനയല്ലയെന്ന് ശശിധാരൻ മാഷ് അവതാരികയിൽ പറയുന്നു. " സാധാരണയായി സ്ത്രീപക്ഷ

രചനകളിൽ കണ്ടു വരാത്ത ഒട്ടനേകം അനുഭവലോകങ്ങളെ നിർഭയമായി മറനീക്കി കാണിക്കാൻ നോവലിസ്റ്റ് ധൈര്യം കാണിക്കുന്നുണ്ട്. പുരുഷനും സ്ത്രീയും എതിർചേരികളിൽ നിർത്തപ്പെടുന്ന അനുഭവാവിഷ്കാരത്തിന്റെ ഇടുക്കുകളല്ല, അവർ ഒത്തുചേർന്നു സൃഷ്ടിക്കുന്ന ജീവിതത്തിന്റെ തുറസ്സുകളാണ് നോവൽ ആത്യന്തികമായി ആഘോഷിക്കുന്നത്"

ഈ കഥയിൽ കല്യാണിയെപോലെ, ദാക്ഷായണിയെപോലെ, എനിക്കിഷ്ടപ്പെട്ട മറ്റു രണ്ടു സ്ത്രീകളാണ് ചോയിക്കുട്ടിയും കുഞ്ഞിപെണ്ണും. കുടുംബബന്ധങ്ങളിൽ വിള്ളലുണ്ടാവാതെ മുന്നോട്ടുകൊണ്ടു പോകുവാൻ അവർ സഹിക്കുന്നതും അനുഭവിക്കുന്നതും ഇന്നും നമ്മുടെ മുന്നിൽ കാണാം.

ആദ്യപതിപ്പ് ഇറങ്ങിയ അന്നുതന്നെ സ്റ്റോക്ക് തീർന്നു പോയ ഈ പുസ്തകം, ഫേസ്ബുക്കിന്റെ സഹായത്താൽ മലയാളിക്ക് മറ്റൊരു നല്ല എഴുത്തുകാരിയെ സമ്മാനിച്ചിരിക്കുന്നു. കണ്ണൂർ പറശ്ശിനിക്കടവ് സ്വദേശിയായ എഴുത്തുകാരി തലശ്ശേരി ബ്രണ്ണൻ കോളേജിൽ മലയാളം അധ്യാപികയാണ്.

മാതൃഭൂമിയാണ് പ്രസാധകർ
വില 300 രൂപ.